**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1021** **30-11-2018-ലെ മറുപടി**

## വരൾച്ച നേരിടുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. എം. രാജഗോപാലൻ**<br>**ശ്രീ. ബി.സത്യൻ**<br>**ശ്രീ. വി. അബ്ദുറഹിമാൻ** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | പ്രളയത്തിനുശേഷം കിണറുകളിലും പുഴ കളിലും ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്, പ്രളയത്തിനുശേഷം പുഴകളോട് ചേർന്നു വരുന്ന കിണറുകളിലും പുഴകളിലും ജലനിരപ്പ് താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം സെപ്റ്റംബർ 2017-ലെ ഭൂജലവിതാനവുമായി താരതമ്യ പഠനം നടത്തിയതിൽ നിന്നും സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 75% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. കരിങ്കൽ പ്രദേശങ്ങളിലെ കുഴൽ കിണറുകളിലും (ബോർവെൽ) 72% കിണറുകളിലും ഭൂജല വിതാനം കുറഞ്ഞതായി കാണുന്നു.<br>സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2008-17)യുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 62% കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽ കിണറുകളിലും (ബോർവെൽ) 60% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. |
| (ബി) | കടുത്ത വരൾച്ചയുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ മഴവെള്ള സംഭരണവും കിണർ റീചാർജ്ജിംഗും കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഭൂജലവകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ , കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.<br>കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായ 'മഴകേന്ദ്രം' സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന "മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പരിപാടിയിലൂടെ മഴവെള്ള സംഭരണത്തിനും, കിണർ റീചാർജിംഗിനും നേതൃത്വം നല്കി വരുന്നു. മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശുദ്ധീകരിച്ച് കിണറുകളിലേക്ക് നേരിട്ട് കടത്തിവിട്ട് ഉപരിതല ജലവിതാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജിംഗ് പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ജലനിധി സ്വീകരിച്ചുവരുന്നു. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, |

| | | | |
|---|---|---|---|
| | | | ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), Sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശേഖരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരികയാണ്. |
| (സി) | വരൾച്ച നേരിടുന്നതിന് സംസ്ഥാനത്ത് ഗോവൻ മാതൃകയിൽ നദീജല സംഭരണികൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) യും (ഡി) യും | ഉണ്ട്. ഉപരിതല ജലസംഭരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന്റെ സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ബന്ധാരകൾ എന്ന ഗോവയിലെ ചെറുകിട ജലസംഭരണ നിർമ്മിതികൾ സന്ദർശിച്ച് മൺസൂൺ കാലത്തെ അധിക ജലം സംഭരിക്കുന്നതിനായി നദികൾക്ക് കുറുകെ ഫൈബർ റീഇൻഫോഴ്സ് പോളിമർ ഷട്ടറുകളോടു കൂടിയ ബന്ധാരകൾ എന്ന ജലസംഭരണ നിർമ്മിതികളുടെ ഒരു ശൃംഖല നിർമ്മിച്ച് ജലലഭ്യത കുറഞ്ഞ മാസങ്ങളിൽ നദികളിൽ വേണ്ടത്ര ജലം നിലനിർത്താവുന്നതാണെന്നും ഗോവയിലെ നദികളിൽ നിർമ്മിച്ചിട്ടുള്ള ബന്ധാരകൾ ഭൂപ്രകൃതിയും ഭൂഗർഭശാസ്ത്രവും സാമ്യമായതിനാൽ കേരളത്തിന് അനുയോജ്യമാണെന്നും സമിതി കണ്ടെത്തുകയുണ്ടായി. ഹരിതകേരളം മിഷൻ ശുപാർശ ചെയ്ത പ്രകാരം ബന്ധാരകളുടെ ശൃംഖല നിർമ്മിക്കുന്നതിനുള്ള പൈലറ്റ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും ആയത് നടപ്പിലാക്കുന്നതിന് മുമ്പായി വിശദമായ ഒരു ഓപ്പറേഷൻ പ്ലാൻ നടപ്പിലാക്കാനും കേരളത്തിലെ 20 നദികളിൽ റഗുലേഷൻ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി KIIFB-യിൽ വകയിരുത്തിയിട്ടുള്ള 600 കോടി രൂപയിൽ നിന്നും കാസർഗോഡ്, വയനാട്, പാലക്കാട്, പത്തനംതിട്ട എന്നീ 4 ജില്ലകളിലെ 5 നദികളിൽ 175 കോടി രൂപ ചെലവിൽ പൈലറ്റ് പദ്ധതിയായി ബന്ധാരകൾ നിർമ്മിക്കുന്നതിലേയ്ക്കായി 175 കോടി രൂപ അനുവദിക്കുന്നതിനുള്ള നിർദ്ദേശം KIIFB-യുടെ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 19-09-2018-ൽ ടെക്നിക്കൽ കമ്മിറ്റി കൂടുകയും മേൽപ്പറഞ്ഞ 4 ജില്ലകളിൽ ബന്ധാരകൾ നിർമ്മിക്കുന്നതിനും അവ ഡിസൈൻ ചെയ്യുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുമുണ്ട്. |
| (ഡി) | വർഷംതോറും ആവർത്തിക്കുന്ന വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യാൻ സാങ്കേതിക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ